# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 776 — 09.08.2017 ൽ മറുപടിയ്ക്ക്

## സർക്കാർ ജീവനക്കാർക്ക് ജനങ്ങളോടുള്ള ഉത്തരവാദിത്വം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൾ ഹമീദ് പി | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സർക്കാർ ജീവനക്കാർക്ക് ജനങ്ങളോടുള്ള ഉത്തരവാദിത്വം ഉറപ്പ വരുത്താനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;<br><br>(ബി) പരാതി പരിഹാരത്തിനായി വിവിധ വകുപ്പുകളിലും തലങ്ങളിലുമായി ജനകീയ പങ്കാളിത്വവും മേൽനോട്ടവും ഉറപ്പ് വരുത്തുന്നതിന് നിയമ നിർമ്മാണം നടത്തുന്നത് സംബന്ധിച്ച് പരിശോധിക്കുമോ; | (എ) യും (ബി) യും<br>കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നവംബർ 1-ാം തീയതി നിലവിൽ വരുകയും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ 27.10.2012-ലെ സ.ഉ.(പി) 56/2012/ഉ.ഭ.പ.വ. ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് സമയ ബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേയ്ക്ക് വേണ്ടിയാണ് ഈ നിയമം നടപ്പിലാക്കി യിട്ടുള്ളത്. പ്രസ്തുത നിയമത്തിന്റെ പ്രചാരണ ത്തിനായി എല്ലാ വകുപ്പുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെ ക്കുറിച്ചുള്ള കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>പൊതുജനങ്ങളുടെ ദൈനംദിനാവശ്യ ങ്ങളുമായി കൂടുതൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകൾക്കും സ്ഥാപന ങ്ങൾക്കും പ്രാധാന്യം നൽകി വിവിധ മേഖലകളിൽ ആവശ്യമായ പരിഷ്കാര നിർദ്ദേശങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി ഘട്ടം ഘട്ടമായി സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം രൂപീകൃതമായ 4-ാമത് ഭരണപരിഷ്കാര കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങൾ സമഗ്രമാക്കുന്നതിനും വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, സർവീസ് സംഘടനകൾ, വിദഗ്ധർ, പൊതുജനങ്ങൾ എന്നിവരുമായി |

ആശയ വിനിമയം നടത്തുന്നതിനും അഭിപ്രായ സ്വരൂപണം സാധ്യമാക്കുന്നതിനും ലക്ഷ്യമിട്ട് കമ്മീഷന് സ്വന്തമായി വെബ്സൈറ്റ് സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സർക്കാർ ഓഫീസുകളെ ജനസൗഹൃദമായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ സേവനാവകാശ നിയമം, പൗരാവകാശരേഖ, പൗരന്മാരുമായുള്ള ആശയവിനിമയത്തിനുമുള്ള അവസരം എന്നിവ പോലുള്ള സവിശേഷതകൾ കൊണ്ടുവരുന്നതിനായി അവയെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. ഇതിന്റെ ഭാഗമായി, നിയമം ഫലപ്രദമായും ജനസൗഹൃദപരമായും നടപ്പിലാക്കുന്നതിനായി വകുപ്പദ്ധ്യക്ഷന്മാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും സംസ്ഥാനതല ശിൽപ്പശാല 15.12.2016 ൽ IMG യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലാണ്. സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സർക്കാരിന്റെ സേവനങ്ങൾ കൂടുതൽ വേഗത്തിലും കൃത്യതയോടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് മുൻനിർത്തിയുള്ള ഭരണ നവീകരണം സർക്കാർ ലക്ഷ്യമിടുന്നു.

| | |
|---|---|
| (സി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) ഇതുമായി ബന്ധപ്പെട്ട നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കുവാനും പൊതുസമൂഹത്തിന് അനുഗുണമാംവിധത്തിൽ ലളിതവും സുതാര്യവുമാക്കുവാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ